പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയും ലൈഫ് പാർപ്പിട പദ്ധതിയും

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T4158 — 20-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഒ. രാജഗോപാൽ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്തിന് ലഭ്യമായ കേന്ദ്ര ഫണ്ട് എത്രയാണെന്നറിയിക്കാമോ; | (എ) | പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം 121,90,22,000/-രൂപയും പി.എം.എ.വൈ(നഗരം) പദ്ധതി പ്രകാരം 15707.79 ലക്ഷം രൂപയും സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടിൽ നിന്നും ലൈഫ് പാർപ്പിട പദ്ധതിക്കായി തുക നീക്കി വയ്ക്കുകയും ചെലവഴിക്കുകയും ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല . |
| (സി) | പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ? | (സി) | പി.എം.എ.വൈ (ജി) പദ്ധതിപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 7023 വീടുകളും പി.എം.എ.വൈ(നഗരം) പദ്ധതി പ്രകാരം 1611 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്.<br><br>ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രവർത്തനത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ ധനസഹായം ലഭ്യമാക്കുകയും എന്നാൽ ഭവനം പൂർത്തിയാക്കാത്തതുമായ 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് മിഷൻ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിൽ 15443 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ